LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. വി. എസ്. സുനിൽ കുമാർ, ഒരു ക്രമപ്രശ്നത്തെ സംബന്ധിച്ച് ചർച്ച ഇങ്ങനെ പോകരുത്. സഭയിൽ നൽകുന്ന ഉത്തരത്തിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്താനുള്ള അവസരം ബഹുമാനപ്പെട്ട മന്ത്രിമാർക്കുണ്ട്. മന്ത്രി അത് പരിശോധിച്ച് തെറ്റുണ്ടെങ്കിൽ തിരുത്തുമെന്ന് പറഞ്ഞുകഴിഞ്ഞു.....(ബഹളം)....ഇത്തരത്തിൽ തന്നിട്ടുള്ളതിലെല്ലാം ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി കിട്ടിക്കഴിഞ്ഞാൽ നാളെത്തന്നെ അവ എടുക്കും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, അബ്കാരി ആക്ടുമായി ബന്ധപ്പെട്ട് രണ്ട് എസ്.ആർ.ഒ.-കളിൽ വന്നിട്ടുള്ള ചില പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. എസ്.ആർ.ഒ. നം. 187/15- In exercise of the powers conferred by Sections 18A, 24 and 29 of the Abkari Act എന്നാണ്. മറ്റ് കാര്യങ്ങളൊന്നും വായിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീൻ ഇപ്പോൾ അങ്ങയെ വിളിച്ചത് S.R.O. No. 218/11 അവതരിപ്പിക്കാനാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, അത് പറഞ്ഞിട്ടില്ല. ഇന്നത്തെ അജണ്ടയിൽ അടിച്ചുവന്നത് ഇതാണ്. മറ്റേതുകൂടി പറയാം.

മി. സ്പീക്കർ : അച്ചടിച്ചതനുസരിക്കുന്നതിൽ ഐറ്റം 9-ൽ ക്രമപ്രശ്നം രണ്ടെണ്ണമുണ്ട്. ഒന്ന്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയും രണ്ട്, ശ്രീ. എൻ. ഷംസുദ്ദീന്റെയുമാണ്. അതിൽ പ്രതിപക്ഷ നേതാവിനെ വിളിച്ചു കഴിഞ്ഞാൽ അടുത്ത ഐറ്റം 10-ലാണ് ചട്ടം 300 അനുസരിച്ചുള്ള ക്രമപ്രശ്നം. സാധാരണ ക്രമപ്രശ്നമൊന്നും അജണ്ടയിൽ വരാറില്ല. ക്രമപ്രശ്നം അല്ലാതെ ചേർക്കുന്നതാണ്. ചട്ടം 300 അജണ്ടയിൽ വരും. ക്രമപ്രശ്നം ഉന്നയിക്കുന്നതിനായി പ്രതിപക്ഷ നേതാവിനെ വിളിച്ചുകഴിഞ്ഞു.

(2) എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലുണ്ടായ കാലതാമസം

10.20 AM]

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, റൂൾ 303 പ്രകാരം ഞാൻ കൊടുത്തിട്ടുള്ളത്, S.R.O. No. 218/2011, S.R.O. No. 510/2011 എന്നിവ 29-6-2015-നാണ് സഭയുടെ മേശപ്പുറത്ത് അംഗങ്ങൾക്ക് ലഭ്യമാക്കിയത്. ഈ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് 2011 മാർച്ച് 16-നും 2011 ആഗസ്റ്റ് 20-നുമാണ്. ഇതിൽ

S.R.O. No. 510/11-ാം നമ്പർ വിജ്ഞാപനം കേന്ദ്ര സർക്കാർ നടത്തിയ 2011-ലെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസിനെ സംബന്ധിച്ചുള്ളതാണ്. സെൻസസ് പൂർത്തിയായി റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമാണ് ഇതുസംബന്ധിച്ച വിജ്ഞാപനം അംഗങ്ങൾക്ക് ലഭിക്കുന്നത്. ഇതൊരു വലിയ ഡിലേയാണ്. അതുപോലെ മറ്റൊരു സംഗതിയുള്ളത് 218/11 എന്നത് നമ്മുടെ സംസ്ഥാനത്ത് ഓംബുഡ്സ്മാനെ നിയമിച്ചതുമായി ബന്ധപ്പെട്ട വിജ്ഞാപനമാണ്. ഈ വിജ്ഞാപനവും അംഗങ്ങൾക്ക് കിട്ടുന്നത് 29-6-2015-നാണ്. പക്ഷേ, പുതിയ ഓംബുഡ്സ്മാൻ വന്ന് അദ്ദേഹത്തിന്റെ കാലാവധി തീരേണ്ട സമയമായപ്പോഴാണ് ലഭിക്കുന്നത്. ഈ രണ്ട് വിഷയത്തിലും വളരെയധികം ഡിലേയാണുണ്ടായിട്ടുള്ളത്, അംഗങ്ങളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം കൂടിയാണിത്. സമയാസമയത്ത് അറിയുകയെന്നുള്ളത് നിയമസഭാസാമാജികരുടെ പ്രിവിലേജും അവകാശവുമായി ബന്ധപ്പെട്ടതാണ്. നീതീകരിക്കാനാവാത്ത കാലതാമസം ഈ വിഷയത്തിൽ ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ അങ്ങയുടെ റൂളിംഗുണ്ടാകണം.

റൂളിംഗ്

10.20 AM]

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ ഉന്നയിച്ചിരിക്കുന്ന ക്രമപ്രശ്നം ചെയർ വിശദമായി പരിശോധിച്ചു. മേൽപ്പറഞ്ഞ രണ്ട് വിജ്ഞാപനങ്ങളും യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ് സഹിതമാണ് സഭയുടെ മേശപ്പുറത്ത് 29-6-2015-ൽ പ്രസ്തുത നോട്ടിഫിക്കേഷനുകൾ വച്ചിട്ടുള്ളത്. ഈ വിജ്ഞാപനങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ വളരെയധികം കാലതാമസം വന്നിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. നിയമസഭാചട്ടം 259 (b) പ്രകാരം ഏതെങ്കിലും കടലാസ് മേശപ്പുറത്ത് വയ്ക്കുന്നതിന് അകാരണമായ കാലതാമസമുണ്ടായോയെന്നും അങ്ങനെ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ, കാരണം വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ള കാരണങ്ങൾ തൃപ്തികരമാണോയെന്നും പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അധികാരം മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയിൽ നിക്ഷിപ്തമാണ്. ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ചിട്ടുള്ള വിഷയം മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly